നിരക്കിൽ 30 സ്പ്രേയറുകളും വിതരണം നടത്തി. ദ്രുതവാട്ടരോഗം തടയാനായി 2541 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇടുക്കിയിലെ 15,000 ഹെക്ടർ സ്ഥലം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 1991-92 വർഷം കുരുമുളക് കൃഷിക്ക് ഗ്രൂപ്പ് മാനേജുമെന്റ് ഏർപ്പെടുത്താൻ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കുരുമുളക് കൃഷിക്കാർക്ക് ഇത് അനുസരിച്ച് 4.5 ലക്ഷം രൂപയുടെ സഹായങ്ങൾ ലഭിക്കും.

(17) തൃക്കണ്ണാപുരം പാലം പണിയണമെന്ന ആവശ്യം

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, കരമനയാറിന്റെ കുറുകെ തിരുവനന്തപുരം നഗരവും അതുപോലെതന്നെ തെക്കൻ പ്രദേശങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന തൃക്കണ്ണാപുരം പാലം പണിയണമെന്നുള്ള ജനങ്ങളുടെ അഭിലാഷം അനുസരിച്ച് പ്രാരംഭ നടപടികളും തുടങ്ങിയിട്ട് വളരെ വർഷങ്ങളായി. പ്രാരംഭ നടപടികളും നടന്നതല്ലാതെ പാലം പണിയുന്നതിന് മറ്റു പണികളൊന്നും നടന്നിട്ടില്ല. ജനങ്ങളും ഉത്കണ്ഠാകുലരാണ്. ലക്ഷക്കണക്കിനാളുകൾക്ക് സഞ്ചരിക്കാനുള്ള ഒരു പാലമെന്നുള്ള നിലയിൽ അടിയന്തിരമായി അതിന്റെ പണിക്കാവശ്യമായ നടപടി സ്വീകരിച്ച് ആ പാലം പണി തുടങ്ങണമെന്നപേക്ഷിക്കുകയാണ്.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, ഉത്കണ്ഠാകുലരായ ജനങ്ങളുടെ ആവശ്യങ്ങൾക്കുമുമ്പിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനാഗ്രഹമുണ്ടെങ്കിലും സാമ്പത്തികമായ പരാധീനതകൊണ്ട് തൽക്കാലം നീട്ടിവച്ചതാണ്. കഴിവിന്റെ പരമാവധി പരിഗണന ഈ കാര്യത്തിൽ ഗവൺമെന്റ് നൽകുന്നതാണ്.

(18) നാദാപുരം ടൗൺ വികസിപ്പിക്കണമെന്ന ആവശ്യം

ശ്രീ. സത്യൻ മൊകേരി: സർ, നാദാപുരം ടൗണിന്റെ വികസനത്തിനും ആ ടൗൺ ഗതാഗതയോഗ്യമാക്കുന്നതിനും വേണ്ടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ അതിന് വേണ്ടി മാറ്റി വച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് അതിന്റെ നടപടികൾ ത്വരിതപ്പെടുത്തണം. ലാൻറ് അക്വിസിഷൻ നടപടിയാണ് പ്രധാനമായി സ്വീകരിക്കേണ്ടത്. മെറ്റൽ സാങ്ഷൻ ഉൾപ്പെടെ തന്നിട്ടുള്ള പ്രവർത്തിയാണ്, അത് പൂർത്തീകരിക്കുന്നതിനു വേണ്ടി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി.കെ. ഹംസ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതായിട്ടുള്ള പ്രവർത്തി ആരംഭിക്കുന്നതിന് 40 ലക്ഷം രൂപ എസ്റ്റിമേറ്റിനുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി കഴിഞ്ഞിട്ടുണ്ട്. ലാൻറ് അക്വിസിഷൻ നടപടിക്കുമാത്രം പതിനേഴര ലക്ഷം രൂപ ചെലവുവരുന്നു, കെട്ടിടങ്ങളും മറ്റും പൊളിക്കേണ്ടതുണ്ട്, അതും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുവേണ്ട നടപടികളും ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly